# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22-11-2024**

### പ്രധാനവാർത്തകൾ

1). സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ വോട്ടെണ്ണൽ നാളെ. മുന്നൊരുക്കങ്ങൾ പൂർത്തിയായി. വോട്ടെണ്ണൽ രാവിലെ എട്ട് മണിക്ക് ആരംഭിക്കും.

2) മഹാരാഷ്ട്ര. ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഫലപ്രഖ്യാപനവും നാളെ.

3) മുനമ്പം ഭൂമി പ്രശ്നം പരിഹരിക്കാൻ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ തീരുമാനം. മുനമ്പത്ത് നിന്നും ആരെയും ഒഴിപ്പിക്കില്ലെന്നും സംസ്ഥാന സർക്കാർ.

4) പ്രശസ്ത സാഹിത്യകാരൻ ഓംചേരി എൻ.എൻ പിള്ള അന്തരിച്ചു.

5) പത്തനംതിട്ടയിലെ നഴ്സിംഗ് വിദ്യാർഥിനിയുടെ മരണത്തിൽ മൂന്ന് സഹപാഠികളെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

6) സന്തോഷ് ട്രോഫി യോഗ്യതാ മത്സരത്തിൽ കേരളത്തിന് മിന്നും ജയം. ബോർഡർ - ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ആദ്യ ദിനത്തിൽ ബാറ്റിങ്ങ് തകർച്ച നേരിട്ട് ഇന്ത്യയും, ഓസിസും.

RNU TVPM

************************************************

**<u>സംസ്ഥാനം – ഉപതിരഞ്ഞെടുപ്പ്</u>**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായി. നാളെ രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. തപാൽ വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തിയ ശേഷമായിരിക്കും ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീനിലെ വോട്ടുകൾ എണ്ണുക. ഉപതിരഞ്ഞെടുപ്പുകളുടെ ഫലമറിയാൻ തികഞ്ഞ ആകാംഷയോടെയാണ് രാഷ്ട്രീയ കേരളം കാത്തിരിക്കുന്നത്. മൂന്ന് ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന വയനാട് മണ്ഡലത്തിൽ, 3 കേന്ദ്രങ്ങളിലായാണ് നാളെ വോട്ടെണ്ണൽ. മാനന്തവാടി, സുൽത്താൻ ബത്തേരി, കല്പറ്റ നിയമസഭാ മണ്ഡലങ്ങളിലെ വോട്ടുകൾ കല്പറ്റ SKMJ ഹയർ സെക്കൻഡറി സ്കൂളിലും, തിരുവമ്പാടി മണ്ഡലത്തിലെ വോട്ടുകൾ കൂടത്തായി സെൻറ് മേരീസ് എൽ.പി സ്കൂളിലും, വണ്ടൂർ, നിലമ്പൂർ, ഏറനാട് മണ്ഡലങ്ങളിലെ വോട്ട് നിലമ്പൂർ അമൽ ജ്യോതി കോളേജിലുമാണ് എണ്ണുക. മണ്ഡലത്തിലെ എല്ലാ പോസ്റ്റൽ വോട്ടുകളും കല്പറ്റയിൽ എണ്ണും. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ക്രമീകരണങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വിലയിരുത്തി. എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരി, എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസ് എന്നിവർ നാളെ മണ്ഡലത്തിൽ എത്തും. എന്നാൽ യു.ഡി.എഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി നാളെ വയനാട്ടിൽ ഇല്ല.

RNU TVPM

************************************************

**<u>പാലക്കാട് – (ഇൻട്രോ)</u>**

ശക്തമായ രാഷ്ട്രീയ പോരാട്ടം നടന്ന പാലക്കാട് മണ്ഡലത്തിലെ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ ഗവൺമെൻറ് വിക്ടോറിയ കോളേജിൽ തയ്യാറായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

**(ഹോൾഡ്..............)**

************************************************

**ചേലക്കര**

ചേലക്കര നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ ചെറുതുരുത്തി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിൽ പൂർത്തിയായി. ആകെ പത്തൊൻപത് ടേബിളുകളാണ് വോട്ടെണ്ണലിനായി തയ്യാറാക്കിയിട്ടുള്ളത്. 5 വിവിപാറ്റ് മെഷീനുകളിലെ സ്ലിപ്പുകൾ എണ്ണി തിട്ടപ്പെടുത്തുന്നതിനും ക്രമീകരണം ഒരുക്കിയിട്ടുണ്ട്. വോട്ടെണ്ണൽ പ്രക്രിയ പൂർണ്ണമായും വീഡിയോയിൽ ചിത്രീകരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി.

************************************************

**മഹാരാഷ്ട്ര**

മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണലും നാളെ നടക്കും. ഉപതെരഞ്ഞെടുപ്പ് നടന്ന മറ്റ് സംസ്ഥാനങ്ങളിലും വോട്ടെണ്ണൽ നാളെയാണ്

RNUTVPM

************************************************

**മുഖ്യമന്ത്രി – ഉന്നതതലയോഗം**

മുനമ്പം ഭൂമി പ്രശ്നം പരിഹരിക്കാൻ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ തീരുമാനം. ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ നിയമപരമായ ഉടമസ്ഥാവകാശങ്ങൾ, ഹൈക്കോടതി മുൻ ആക്ടിങ്ങ് ചീഫ് ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള കമ്മീഷൻ പരിശോധിക്കും. മുനമ്പത്ത് നിന്ന് ആരെയും കുടിയൊഴിപ്പിക്കില്ലെന്നും യോഗം തീരുമാനിച്ചു. മൂന്ന് മാസത്തിനകം കമ്മീഷൻ റിപ്പോർട്ട് നൽകും. വിഷയത്തിൽ തീരുമാനം ഉണ്ടാകും വരെ മറ്റ് നടപടികളുമായി മുന്നോട്ട് പോകരുതെന്ന് വഖഫ്

ബോർഡിനോട് യോഗം നിർദ്ദേശിച്ചു. സെക്രട്ടറിയേറ്റിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ മന്ത്രിമാരായ പി.രാജീവ്, കെ.രാജൻ, വി.അബ്ദുറഹിമാൻ എന്നിവർ സംയുക്ത വാർത്താസമ്മേളനത്തിലാണ് അറിയിച്ചത്.

*************************************************

**<u>സജി ചെറിയാൻ-പി രാജീവ്</u>**

സജി ചെറിയാൻ മന്ത്രിസ്ഥാനത്ത് തുടരുന്നതിൽ ധാർമികതയുടെ പ്രശ്നമില്ലെന്ന് സംസ്ഥാന നിയമ മന്ത്രി പി രാജീവ്. സജി ചെറിയാൻറെ ഭാഗം കൂടി ഹൈക്കോടതി കേൾക്കേണ്ടതായിരുന്നുവെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടു എന്ന് സജി ചെറിയാൻ തന്നെ വ്യക്തമാക്കിയതാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

*************************************************

**<u>ഓം ചേരി എൻ എൻ പിള്ള</u>**

പ്രശസ്ത സാഹിത്യകാരൻ ഓംചേരി എൻ.എൻ പിള്ള അന്തരിച്ചു. 100 വയസായിരുന്നു. ഡൽഹിയിലെ ആശുപത്രിയിൽ ഇന്ന് ഉച്ച തിരിഞ്ഞായിരുന്നു അന്ത്യം. പ്രതിഭാധനനായ നാടകകൃത്തായ അദ്ദേഹം കേരളീയ സംസ്കാരത്തെ ദേശീയ തലത്തിൽ എത്തിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, പ്രഥമ കേരളാ പ്രഭാ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങളും ഓംചേരിയെ തേടിയെത്തി. വൈക്കം സ്വദേശിയായ അദ്ദേഹം 76 വർഷത്തിലേറെയായി ഡൽഹിയിലായിരുന്നു താമസം. ഇന്ത്യൻ ഇൻഫർമേഷൻ സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം ഡൽഹി ആകാശവാണി, പബ്ലിക്കേഷൻ ഡിവിഷൻ, ഐ.ഐ.എം.സി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ ഓംചേരിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

RNU TVPM

**********************************************

**<u>അമ്മു സജീവ് - പത്തനംതിട്ട</u>**

പത്തനംതിട്ട ചുട്ടിപ്പാറ എസ് എം ഇ നഴ്സിംഗ് കോളജിലെ വിദ്യാർഥിനി അമ്മു സജീവൻറെ മരണത്തിൽ മൂന്ന് സഹപാഠികളെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. അലീന ദിലീപ്, എ.ടി അക്ഷിത, അഞ്ജന മധു എന്നിവരെയാണ് കോടതി റിമാൻഡ് ചെയ്തത്. പത്തനംതിട്ട ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. പ്രതികൾക്കെതിരെ ആത്മഹത്യാപ്രേരണ കുറ്റം ഉൾപ്പെടെയുള്ള വകുപ്പുകളാണ് പോലീസ് ചുമത്തിയിരുന്നത്.

**********************************************

**<u>തിരഞ്ഞെടുപ്പ് കമ്മീഷൻ- മഷി വിരൽ</u>**

ഡിസംബർ 10- ന് നടക്കുന്ന തദ്ദേശസ്ഥാപന ഉപതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നവരുടെ ഇടത് കൈയ്യിലെ നടുവിരലിലാണ് മായാത്ത മഷി പുരട്ടേണ്ടതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. സംസ്ഥാനത്തെ 3 മണ്ഡലങ്ങളിൽ അടുത്തിടെ ഉപതിരഞ്ഞെടുപ്പ് നടന്ന സാഹചര്യത്തിലാണ് തീരുമാനം. സംസ്ഥാനത്തെ 31 തദ്ദേശസ്ഥാപന വാർഡുകളിലേയ്ക്കാണ് ഡിസംബർ 10-ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

RNU TVPM

**********************************************

**<u>വൈക്കം അഷ്ടമി - (ഇൻട്രോ)</u>**

വൈക്കം മഹാദേവ ക്ഷേത്രത്തിലെ അഷ്ടമി നാളെ. പുലർച്ചെ 4.30 നാണ് അഷ്ടമി ദർശനം

**<u>കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു...</u>**

**<u>(വോയിസ്........)</u>**

**********************************************

## ശബരിമല - പാമ്പുകൾ

ശബരിമല തീർത്ഥാടനം തുടങ്ങിയ ശേഷം സന്നിധാനത്ത് നിന്ന് ഇതുവരെ 33 പാമ്പുകളെ പിടികൂടിയതായി വനം വകുപ്പ്. 5 അണലികളെയും 14 കാട്ടുപാമ്പുകളെയും ഉൾപ്പെടെ പിടികൂടിയാണ് ഉൾവനത്തിൽ വിട്ടത്. മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിൽ ഭക്തജനത്തിരക്ക് തുടരുകയാണ്. ഭക്തർക്ക് ഏതെങ്കിലും തരത്തിൽ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടാൽ അടിയന്തര വൈദ്യ സഹായം ലഭിക്കുന്നതിന് എമർജൻസി മെഡിക്കൽ കൺ ട്രോൾ റൂം നമ്പർ 04 73 5 2 03 23 2-ൽ ബന്ധപ്പെടാമെന്ന് അധികൃതർ അറിയിച്ചു.

************************************************

## എയർ ഇന്ത്യ സർവീസ്

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് കൊച്ചിയിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിൻറെ പുതിയ സർവീസ് നാളെ മുതൽ ആരംഭിക്കും. ചൊവ്വ, ശനി ദിവസങ്ങളിൽ രാവിലെ 7:15-ന് പുറപ്പെട്ട് 08:05 ന് കൊച്ചിയിലെത്തുന്ന വിധത്തിലാണ് സർവീസ്. കൊച്ചിയിൽ നിന്ന് തിങ്കൾ, വെള്ളി ദിവസങ്ങളിൽ രാത്രി 11 മണിക്ക് പുറപ്പെട്ട് 11:50- ന് തിരുവനന്തപുരത്തെത്തും. തിരുവനന്തപുരം-കൊച്ചി റൂട്ടിൽ ഇൻഡിഗോയുടെ പ്രതിദിന സർവീസിന് പുറമേയാണ് എയർ ഇന്ത്യ എക്സ് പ്രസ് സർവീസ് തുടങ്ങുന്നത്.

RNUTVPM

************************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി യോഗ്യതാ മത്സരത്തിൽ കേരളത്തിന് രണ്ടാം ജയം. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന രണ്ടാം മത്സരത്തിൽ ലക്ഷദ്വീപിനെ എതിരില്ലാത്ത 10 ഗോളുകൾക്കാണ്

കേരളം പരാജയപ്പെടുത്തിയത്. കളിയിലുടനീളം കേരളം ആധിപത്യം പുലർത്തി. ഇതോടെ ഗ്രൂപ്പിൽ രണ്ട് ജയവുമായി ഒന്നാം സ്ഥാനത്താണ് കേരളം. 24-ന് പുതുച്ചേരിയുമായാണ് കേരളത്തിന്റെ അടുത്ത മത്സരം.

**************************************************

## ക്രിക്കറ്റ്

ബോർഡർ - ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ദിനത്തിൽ ബാറ്റിങ്ങ് തകർച്ച നേരിട്ട് ഇന്ത്യയും, ഓസ്ട്രേലിയയും. ഒന്നാം ഇന്നിങ്സിൽ 150 റൺസിന് പുറത്തായ ഇന്ത്യക്ക് മുന്നിൽ ഓസീസ് ബാറ്റർ നിര പതറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ആദ്യദിനം കളി അവസാനിക്കുമ്പോൾ 67 റൺസെടുക്കുന്നതിനിടെ, ഓസ്ട്രേലിയയ്ക്ക് ഏഴ് വിക്കറ്റുകൾ നഷ്ടമായി.

RNU TVPM

**************************************************

## ഓഹരിവിപണി

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,961 ഉയർന്ന് 79,117-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 557 പോയിൻറ് നേട്ടത്തിൽ 23,907- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. പവന് 640 രൂപ കൂടി 57,800 രൂപയും, ഗ്രാമിന് 80 രൂപ ഉയർന്ന് 7,225 രൂപയുമാണ് ഇന്നത്തെ വില.

**************************************************

**ചീഫ് സെക്രട്ടറി - ഓഡിറ്റ് ദിവസ്**

ഭരണ സംവിധാനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് കൃത്യമായ ഓഡിറ്റിംഗ് അനിവാര്യമാണെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ. തിരുവനന്തപുരത്തെ ഏജീസ് ഓഫീസിൽ നടന്ന ഓഡിറ്റ് ദിവസ് സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ. ജനങ്ങൾക്ക് സർക്കാർ പ്രവർത്തനങ്ങളിലും പദ്ധതികളിലും വിശ്വാസ്യത നൽകാൻ ഓഡിറ്റിംഗിലൂടെ കഴിയുമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

RNU TVPM

***********************************************

***************

*****